milma

# എറണാകുളം റീജണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ്


നമ്പർ ഇ-150(ഡി) പി.ബി നമ്പർ-2212,ഇടപ്പിള്ളി-682 204

(ഒരു ഐ.എസ്.ഒ 9001: 2015,22000:2005 അംഗീകൃത സ്ഥാപനം)

ഫോൺ: 0484 –2541193, 6533184 ഇൗമെയിൽ ercmpu@gmail.com


നമ്പർ: ഇ.യൂ/പി&എ/54/2017 | 6834          ഇടപ്പിള്ളി, തീയതി 28/12/2017

## വിജ്ഞാപനം

വിഷയം : എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ കീഴിലുള്ള ഡെയറികളിലും, ഉപകേന്ദ്രങ്ങളിലും താൽക്കാലികാടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ അസി.ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച്

സൂചന: 1. മേഖലാ യൂണിയന്റെ 11.07.2017 തീയതിയിലെ 9/587നമ്പർ ഭരണസമിതി തീരുമാനം.
2. മേഖലാ യൂണിയന്റെ 16.10.2017-ലെ ഇ.യു/പി ആന്റ് എ/116/2017നമ്പർ വിജ്ഞാപനം
3. ഇത് സംബന്ധിച്ച ബഹു: ഡെയറി ഡയറക്ടറുടെ 20.12.2017-ലെ നം.സി1/18488/2017 ഉത്തരവ്

എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ കീഴിലുള്ള വിവിധ ഡെയറികളിലും ചില്ലിംഗ് പ്ലാന്റുകളിലും താഴെ പറയുന്ന തസ്തികകളിൽ സ്ഥിരനിയമനം നടപ്പാക്കുന്നതുവരെ ഉണ്ടാകാവുന്ന ഒഴിവുകളിൽ കരാർ വ്യവസ്ഥകൾക്ക് വിധേയമായി നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഉത്തരവാകുന്നു. താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. മേൽ സൂചന (2) പ്രകാരം ക്ഷണിച്ച അപേക്ഷകളിലുള്ള തുടർ നടപടികൾ സാങ്കേതിക കാരണങ്ങളാൽ റദ്ദുചെയ്തിട്ടുള്ളതിനാൽ പ്രസ്തുത വിജ്ഞാപനം പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്ന ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

| | തസ്തിക | യോഗ്യത |
|---|---|---|
| 1.. | അസി.മാർക്കറ്റിംഗ് ഓഫീസർ (23000/-രൂപ (കൺസോളിഡേറ്റഡ്/ദിവസ വേതനം)+പി.എഫ് | 1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഏതെങ്കിലും വിഷയത്തിലുള്ള ഫസ്റ്റ് ക്ലാസ്സ്/ഉയർന്ന സെക്കൻഡ് ക്ലാസ്സ് ബിരുദാനന്തര ബിരുദം (റെഗുലർ) **അല്ലെങ്കിൽ** കേരളാ കാർഷിക സർവ്വകലാശാലയിൽ നിന്നും നേടിയ കോ-ഓപ്പറേഷൻ - ബാങ്കിംഗിലുള്ള ബിരുദം.<br>2. അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡെയറി അല്ലെങ്കിൽ ഫുഡ് പ്രൊഡക്ടുകളുടെ വിപണന മേഖലയിൽ ആർജ്ജിച്ച മൂന്ന് വർഷത്തെ പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. |
| 2. | ടെക്നിക്കൽ സൂപ്രണ്ട്(എൻജിനിയറിംഗ്) 23000/-രൂപ (കൺസോളിഡേറ്റഡ്/ദിവസ വേതനം)+പി.എഫ് | 1. ബിരുദം/ഡിപ്ലോമ ഇൻ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, റെഫ്രിജറേഷൻ, ഡെയറി എൻജിനിയറിംഗ്.<br>2. അംഗീകൃത സ്ഥാപനത്തിൽ നിന്നും മെക്കാനിക്കൽ, ഇലക്ട്രിക്കൽ, റെഫ്രിജറേഷൻ, ഡെയറി എൻജിനിയറിംഗിൽ ആർജ്ജിച്ച രണ്ട് വർഷത്തെ പ്രവർത്തി പരിചയം. |
| 3 | ടെക്നിക്കൽ സൂപ്രണ്ട് (ഡെയറി) 23000/-രൂപ (കൺസോളിഡേറ്റഡ്/ദിവസ വേതനം)+പി.എഫ് | 1. ഡെയറി സയൻസിലുള്ള ബിരുദം/ഡിപ്ലോമ.<br>2. അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡെയറി പ്ലാന്റിൽ രണ്ട് വർഷത്തെ പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും |
| 4 | ഡെയറി കെമിസ്റ്റ് / ഡെയറി ബാക്ടീരിയോളജിസ്റ്റ് 23000/-രൂപ (കൺസോളിഡേറ്റഡ്/ദിവസ വേതനം)+പി.എഫ് | 1. ഡെയറി കെമിസ്ട്രി/ഡെയറി മൈക്രോബയോളജി/ ഡെയറി ക്വാളിറ്റി കൺട്രോൾ എന്നിവയിലേതെങ്കിലിലുമുള്ള എം.എസ്.സി ബിരുദം അല്ലെങ്കിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ക്വാളിറ്റി കൺട്രോൾ/ബി.എസ്.സി ഡെയറി ടെക്നോളജി<br>2 ഡെയറി ക്വാളിറ്റി കൺട്രോൾ ലാബിലുള്ള രണ്ട് വർഷത്തെ പ്രവർത്തി പരിചയം |

| | | |
|---|---|---|
| 5. | അസി.അക്കൗണ്ട്സ് ഓഫീസർ (23000/-രൂപ (കൺസോളിഡേറ്റഡ്/ദിവസ വേതനം)+പി.എഫ് | 1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം<br>2. എ.സി.എ/എ.ഐ.സി.ഡബ്ല്യു.എ യുടെ ഇൻറർ മീഡിയറ്റ് എക്സാമിനേഷൻ പാസ്സ് + ഒരു വർഷം അക്കൗണ്ട്സ് മേഖലയിലെ തൊഴിൽ പരിചയം.<br>**അല്ലെങ്കിൽ**<br>1. അംഗീകൃത സർവ്വകലാശാലയിൽ നിന്നു നേടിയ എം.കോം ബിരുദം+ രണ്ട് വർഷം അക്കൗണ്ട്സ് മേഖലയിൽ ആർജ്ജിച്ച തൊഴിൽ പരിചയം. |

**<u>പൊതു വ്യവസ്ഥകൾ</u>**

1. തിരഞ്ഞെടുക്കപ്പെടുന്നവരെ ഒരു വർഷത്തേക്കായിരിക്കും നിയോഗിക്കുന്നത്.
2. തിരഞ്ഞെടുക്കുന്നവർക്ക് 23,000/- രൂപാ (കൺസോളിഡേറ്റഡ്) നിരക്കിലോ/ദിവസവേതന നിരക്കിലോ ആയിരിക്കും ശമ്പളം നൽകുന്നത്. കൂടാതെ പി.എഫ് നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും.
3. ഔദ്യോഗിക യാത്രകൾക്ക് മേഖലാ യൂണിയനിലെ അംഗീകൃത നിരക്കിൽ(ഗ്രേഡ്-2ബി) യാത്രാപ്പടി/ദിനബത്ത നല്കുന്നതായിരിക്കും.
4. രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യേണ്ടി വരുന്ന തസ്തികകളിൽ പുരുഷൻമാർക്കായിരിക്കും മുൻഗണന
5. അപേക്ഷകർ 18 വയസ്സിനും 40 വയസ്സിനുമിടയിൽ പ്രായമുള്ളവരും, മേൽ യോഗ്യതയുള്ളവരുമായിരിക്കണം. (അപേക്ഷകർ തങ്ങളുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത,തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പ് എന്നിവയും ഇതോടൊപ്പമുള്ള അപേക്ഷ ഫോം സഹിതം നല്കേണ്ടതാണ്)
6. അപേക്ഷകന് നല്ല ആരോഗ്യവും, പകർച്ചവ്യാധികൾ ഇല്ലാത്തവരുമായിരിക്കണം. തിരഞ്ഞെടുക്കുന്ന പക്ഷം ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് സർക്കാർ (അലോപ്പതി) ഡോക്ടറിൽ നിന്നും വാങ്ങി നല്കണം..
7. **ഇപ്രകാരം നിയോഗിക്കപ്പെടുന്നതു മൂലം ടി വ്യക്തികൾക്ക് യൂണിയനിൽ സ്ഥിരനിയമനത്തിനായി യാതൊരു മുൻഗണനക്കും അവകാശം ഉണ്ടായിരിക്കുന്നതല്ല.**

അപേക്ഷകർ തങ്ങളുടെ പൂർണ്ണവിവരങ്ങൾ ഉൾക്കൊള്ളുന്ന അപേക്ഷ ഫോമും, ആവശ്യപ്പെട്ടിട്ടുള്ള മറ്റ് രേഖകളും സഹിതം 16.01.2018, 5.00 പി.എം ന് മുൻപായി ഇടപ്പള്ളിയിലെ മേഖലാ യൂണിയൻ ഹെഡ് ഓഫീസിൽ നേരിട്ടോ, സാധാരണ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം ലഭിക്കാത്തതും.അപൂർണ്ണവുമായ അപേക്ഷകൾ തിരസ്കരിക്കുന്നതാണ്. അപേക്ഷയുടെ കവറിന്റെ പുറത്ത് ഏത് പോസ്റ്റിലേക്കാണ് അപേക്ഷിക്കുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

പകർപ്പ് : എല്ലാ യൂണിറ്റ് മേധാവികൾക്കും/ എല്ലാ ഉപയൂണിറ്റ് മേധാവികൾക്കും
/എം.എഫ്.ഒ.സി